"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) വിഭാഗത്തിൽ അധിക തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.34/2022/H&FWD തീയതി,തിരുവനന്തപുരം, 11-02-2022

പരാമർശം:- 24.02.2021-ലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പി2/101789/2019/മെ.വി.വ. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശത്തിലെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ മെഡിക്കൽ കോളേജുകൾക്കായി താഴെപ്പറയും പ്രകാരം 37,400-79,000 രൂപ ശമ്പള സ്കെയിലിൽ 24 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | തസ്തികകളുടെ എണ്ണം |
|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം | 2 |
| **ആകെ** | **24** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/കോട്ടയം/എറണാകുളം/ഇടുക്കി/തൃശ്ശൂർ/കോഴിക്കോട്/മഞ്ചേരി (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (09.02.2022-ലെ ഇനം നമ്പർ 544)
ധനകാര്യ വകുപ്പ് (29.09.2021, 01.10.2021 എന്നീ തീയതികളിലെ 1311726/എച്ച്.എൽ.റ്റി.-ബി1/102/2019/ധന നമ്പർ അനൗദ്യോഗിക കുറിപ്പുകൾ പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.
പകർപ്പ്- ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 09-02-2022

ഫയൽ നം. ഹെൽത്ത്-ബി2/242/2021/ഹെൽത്ത്. ഇനം നം: 544

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | | ഹെൽത്ത്-ബി2/ 242/ 2021/ഹെൽത്ത് |
| 2. | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | : | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20.01.2022 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട്.<br>ഉൾക്കൊളളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. വിജയകുമാർ എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. ആഷാ തോമസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.02.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05.02.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 07.02.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 08.02.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 19.02.2021-ലെ സ.ഉ.(കൈ) നം. 52/2021/ആകുവ ഉത്തരവ് പ്രകാരം മുൻ പരിയാരം മെഡിക്കൽ കോളേജിലെ സ്റ്റാഫുകളെ ഏറ്റെടുക്കുന്നതിനുള്ള 722 തസ്തികകൾ ഉൾപ്പടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 1299 പുതിയ തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു. തുടർന്ന് 24 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ ഉൾപ്പെടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമഗ്രമായ ശിപാർശ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. 37,400-79,000 എന്ന ശമ്പള സ്കെയിലുള്ള ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) ന്റെ 24 തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെ ഏകദേശം 1,36,86,816/- (ഒരു കോടി മുപ്പത്തി ആറ് ലക്ഷത്തി എൺപത്തി ആറായിരത്തി എണ്ണൂറ്റി പതിനാറ് രൂപ മാത്രം) രൂപയുടെ അധിക വാർഷിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. ടി തസ്തികകളുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്-

| സ്ഥാപനത്തിന്റെ പേര് | സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം |
|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം | 2 |
| **ആകെ** | **24** |

3. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമഗ്രമായ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു:-

*"Administrative department is requested to defer the proposal for better times.*

*This has the approval of Hon'ble Minister for finance."*

4. ഈ കാലയളവിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടെ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അനൗദ്യോഗിക കുറിപ്പിൽ താഴെപ്പറയും പ്രകാരം അംഗീകരിച്ചിരുന്നു:-

"Paediatric Nephrology Services ലഭ്യമായിട്ടുള്ള SAT Hospital, Tvpm ഉൾപ്പടെയുള്ള ആശുപത്രികളിൽ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്), ഡയാലിസിസ് ടെക്നീഷ്യൻ തസ്തികകളുടെ അനിവാര്യത റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും, തൽക്കാലം 6 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ മാത്രം സൃഷ്ടിക്കുവാൻ (ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ ഏറ്റവും അനിവാര്യമായിട്ടുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ) ധനവകുപ്പ് അനുമതി നൽകുന്നു."

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആറ് ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പ് അനുമതി നൽകിയ ആറ് ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ താഴെപ്പറയും പ്രകാരം സൃഷ്ടിക്കാവുന്നതാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

| ക്രമ നമ്പർ | തസ്തികകൾ സൃഷ്ടിക്കേണ്ട ആശുപത്രികൾ | സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം | 1 |
| 2 | സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം | 1 |
| 3 | സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 1 |
| 4 | സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം | 1 |
| 5 | സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | 1 |
| 6 | സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | 1 |
| | **ആകെ** | **6** |

6. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആറ് ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം 01.12.2021-ലെ മന്ത്രിസഭാ യോഗത്തിന്റെ

പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ ടി ശിപാർശ പിൻവലിക്കുവാൻ മന്ത്രിസഭാ യോഗം നിർദ്ദേശിക്കുകയുണ്ടായി.

7. തുടർന്ന്, 19.02.2021-ലെ സ.ഉ.(കൈ) നം. 52/2021/ആകുവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച സമഗ്രമായ പ്രൊപ്പോസലിലെ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിക്കാമോ എന്ന ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിയ്ക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പിന്റെ ശിപാർശ ഭാഗികമായി മറികടന്നു കൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 37,400-79,000 ശമ്പള സ്കെയിലിൽ ഇരുപത്തിനാല് ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ താഴെപ്പറയും പ്രകാരം സൃഷ്ടിക്കാമോ ?

| സ്ഥാപനത്തിന്റെ പേര് | സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം |
|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | 4 |
| സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി | 2 |
| സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം | 2 |
| **ആകെ** | **24** |